പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2936 — 17.10.2016 -ൽ മറുപടിക്ക്

## റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

| ചോദ്യം<br>**ശ്രീ. ബി. സത്യൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് ക്രിയാത്മകവും കാര്യക്ഷമ വുമായ നടപടികൾ സ്വീകരിച്ചു പോരുന്നു. ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ ഗോഡൗണുകളിലാണ്. ആയത് വിട്ടെടുക്കുന്നതിനു മുമ്പായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ ഗോഡൗണുകളിൽ ഗുണനിലവാര മുള്ള അരി/ ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ യിൽ നിന്നും വിട്ടെടുക്കു ന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ റേഷൻ മൊത്ത വ്യാപാരികളിൽ നിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വിതരണ സമയത്തും റേഷനിംഗ് ഇൻസ്പെക്ടർ പ്രത്യേകം പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നല്കുന്നു. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നു. |
| (ബി) ഇതിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ